## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2514 — 19.06.2013 ന് മറുപടിയ്ക്ക്

### സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുള്ള 'സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി' തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ? | (ബി) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി - മോഡുലാർ എംപ്ലോയബിൾ സ്കിൽസ് (MES) പ്രകാരം സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം (SDI) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. സർക്കാർ ഐ.ടി.ഐ. കൾ, പ്രൈവറ്റ് ഐ.ടി.ഐ. കൾ ഇതര സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള 197 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് (VTP) മുഖേനയാണ് വിവിധ ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ